# ഇസ്‌ലാം സമ്പൂർണമായ മതം

**ഇ**സ്‌ലാം എല്ലാ അർത്ഥത്തിലും സമ്പൂർണമാണ്. മതപരമായ ഏതെങ്കിലും കർമങ്ങൾ അതിലേക്ക് കടത്തിക്കൂട്ടാൻ ഇനി ആർക്കും അവകാശമില്ല. നബി(ﷺ)യുടെ കാലത്തുതന്നെ അത് പൂർണത പ്രാബല്യത്തിൽ വന്നിട്ടുണ്ട്. വിശുദ്ധ ഖുർആൻതന്നെ അക്കാര്യം അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നത് കാണുക:

**(സൂറഃ അൽ മാഇദ: 3. പരിഭാഷയും വ്യാഖ്യാനവും: കെ.വി. മുഹമ്മദ് മുസ്‌ല്യാർ കൂറ്റനാട്, ഫത്ഹുർറഹ്‌മാൻ 2/23)**




മാഇദ | ഭാഗം 6 | 23

ٱلْيَوْمَ يَئِسَ ٱلَّذِينَ كَفَرُوا۟ مِن دِينِكُمْ
فَلَا تَخْشَوْهُمْ وَٱخْشَوْنِ ٱلْيَوْمَ أَكْمَلْتُ لَكُمْ
دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى
وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا فَمَنِ ٱضْطُرَّ فِى
مَخْمَصَةٍ غَيْرَ مُتَجَانِفٍ لِّإِثْمٍ
فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ٣

**സത്യനിഷേധികൾ നിങ്ങളുടെ മതത്തെക്കുറിച്ച് ഇന്നു നിരാശപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരെ നിങ്ങൾ ഒട്ടും ഭയപ്പെടരുത്; എന്നെ ഭയപ്പെട്ടുകൊള്ളുക. നിങ്ങൾക്കു ഞാൻ ഇന്നേ ദിവസം നിങ്ങളുടെ മതം പൂർണമാക്കുകയും എന്റെ അനുഗ്രഹം പൂർത്തീകരിച്ചുതരികയും ഇസ്‌ലാമിനെ മതമായി തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു. (4) എന്നാൽ, വല്ലവനും കഠിനമായ വിശപ്പുമൂലം പാപം ഉദ്ദേശിക്കുന്നവനായിട്ടല്ലാത്ത നിലയിൽ (നിഷിദ്ധ വസ്തു തിന്നാൻ) നിർബന്ധിതനായാൽ നിശ്ചയമായും അല്ലാഹു പൊറുത്തുകൊടുക്കുന്നവനും പരമകാരുണികനുമാണ്. (5)**

(4) മുസ്‌ലിംകളെ സ്വന്തം മതത്തിൽ നിന്ന് അകറ്റിക്കളയാമെന്നും യുദ്ധം ചെയ്തു തോൽപിക്കാമെന്നുമുള്ള ആഗ്രഹം ശത്രുക്കൾക്ക് അസ്തമിച്ചുവെന്നാണ് സത്യനിഷേധികൾ നിരാശപ്പെട്ടു (اليوم يئس الذين كفروا من دينكم) എന്നതിന്റെ ഉദ്ദേശ്യം. അതുകൊണ്ട് അവരെ ഒട്ടും ഭയപ്പെടേണ്ടതില്ല എന്നാണിവിടെ പറയുന്നത്. ദീൻ പൂർത്തിയാക്കി എന്നു വെച്ചാൽ ദീനിൽ വിശ്വസിക്കേണ്ടതും ആചരിക്കേണ്ടതും എന്തൊക്കെയാണോ അതെല്ലാം അറിയിച്ചുതന്നു കഴിഞ്ഞു, ഇപ്പോൾ നിലവിൽ വന്നിട്ടുള്ള രൂപം ഇസ്‌ലാമിന്റെ പൂർണരൂപമാണ് എന്നത്രെ. അതിനാൽ ഇനിമേൽ യാതൊരു കാരണവശാലും അതിൽ യാതൊരു മാറ്റവും വരുത്തരുത്. ഈ വാക്യം അവതരിച്ച ശേഷം ഹറാമിനെയോ ഹലാലിനെയോ വിവരിക്കുന്ന ആയത്തുകൾ അവതരിച്ചിട്ടില്ല. 'അനുഗ്രഹം പൂർത്തീകരിച്ചു' എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം മതനിയമങ്ങൾ നടപ്പിൽ വരുത്തുവാനുള്ള എല്ലാ തടസ്സങ്ങളും എതിർപ്പുകളും അവസാനിച്ചുവെന്നാണ്. ഇനി ആരെയും ഒട്ടും ഭയപ്പെടാതെ എല്ലാം നടത്തുവാൻ നിങ്ങൾക്ക് സൗകര്യമാ

ദീനിയായ എല്ലാ കാര്യങ്ങളും അറിയിച്ചുതന്നു കഴിഞ്ഞുവെന്നും ഇനി യാതൊരു കാരണവശാലും അതിലേക്കെന്തെങ്കിലും കൂട്ടാനോ, ഉള്ളതിൽ നിന്നെന്തെങ്കിലും

വെട്ടിക്കുറക്കാനോ ആർക്കും അവകാശമില്ലെന്നുമാണ് മേൽ ആയത്ത് പഠിപ്പിക്കുന്നത്. അക്കാര്യം വളരെ കൃത്യമായി സുന്നി പണ്ഡിതന്മാർ തന്നെ സമ്മതിച്ചതാണ് നാം വായിച്ചത്.

ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് തിരൂരങ്ങാടി ഖാസി അബ്ദുറഹിമാൻ മഖ്ദൂമി എഴുതുന്നത് കാണുക:

**(ഫത്ഹുൽ അലീം 1/248)**



ങ്ങിപ്പോയിരിക്കുന്നു. നിരാശയുടെ കയത്തിൽ അവർ നിപതിച്ചിരിക്കുന്നു. അതുകൊണ്ട് അവരെ സത്യവിശ്വാസികൾ ഭയപ്പെടേണ്ടതില്ല. അല്ലാഹുവിനെ മാത്രം ഭയപ്പെട്ടു ജീവിക്കുകയാണവർ വേണ്ടത്. അല്ലാഹുവിന്റെ ദീൻ-ഇസ്ലാം- എല്ലാനിലക്കും പൂർണ്ണമായിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹു തന്റെ ദാസന്മാർക്ക് ചെയ്തു കൊടുത്ത വലിയ അനുഗ്രഹമാണത്. ഇനി അതിലൊന്നും കൂട്ടിച്ചേർക്കാനോ വെട്ടിച്ചുരുക്കാനോ ഇല്ല. അതിന്റെ നിർദേശങ്ങൾ നടപ്പിൽ വരുത്തിയാൽ മതി.

മനുഷ്യരെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽ നിന്നകറ്റുന്നതുമായ നിസ്സാര സംഗതികൾ പോലും ഇസ്‌ലാം കൃത്യമായി പഠിപ്പിച്ചിട്ടുണ്ട് എന്നർത്ഥം. ഇനി അതിലേക്ക് പുതുതായി കൂട്ടിച്ചേർക്കാൻ നേരിയ ഒരു പഴുതുപോലും ബാക്കിവെച്ചിട്ടില്ല. എല്ലാ അർത്ഥത്തിലും അത് സമ്പൂർണ്ണമായിരിക്കുന്നു.

ഇക്കാര്യം സമസ്തക്കാർ അവരുടെ മറ്റു പ്രസിദ്ധീകരണങ്ങളിലൂടെയും അംഗീകരിക്കുന്നത് കാണുക:

**(അഹ്ലുസുന്നത്തി വൽജമാഅത്തും എഴുപത്തിരണ്ട് വിഭാഗവും പേജ്: 18, കെ.എ. മജീദ് ഫൈസി കിഴിശ്ശേരി)**



ണ്. റസൂൽ തിരുമേനി പറഞ്ഞ പ്രകാരം ആയിശ (റ) പറഞ്ഞിട്ടുള്ളതായി ബുഖാരിയിലും മുസ്‌ലിമിലും ഇപ്രകാരം വന്നിരിക്കുന്നു. 'നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) അതിൽ ഇല്ലാത്തതിനെ ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാകുന്നു'.
സഹീഹ് മുസ്‌ലിമിൽ ഇപ്രകാരം രേഖപ്പെടുത്തിയതായി കാണാം.

'നമ്മുടെ കാര്യത്തിൽ (ദീനിൽ) ഇല്ലാത്ത ഒരു പ്രവൃത്തി ആരു ചെയ്താലും അത് തള്ളപ്പെടേണ്ടതാകുന്നു. അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം. 'നമ്മുടെ കാര്യത്തിന് വ്യത്യാസമായി ആരെങ്കിലും ഒരു കാര്യം പ്രവർത്തിക്കുകയാണെങ്കിൽ അത് തള്ളപ്പെടേണ്ടതാകുന്നു'. ഈ ഹദീസുകളിൽ നിന്നും നബി തിരുമേനി ഏതൊരു പ്രബോധനമാണോ ലോകത്തു കൊണ്ടുവന്നിട്ടുള്ളത്, ഏതൊരു അഖീദകളാണോ അവിടുന്ന് ഉമ്മത്തിനെ പഠിപ്പിച്ചിട്ടുള്ളത്, ഏത് നടപടികളാണോ ദീനിന്റെ നടപടികളായി കാണിച്ചു തന്നിട്ടുള്ളത് അവയിൽ ഒരളവോളമെങ്കിലും കൂട്ടലോ കുറവോ ആകുന്നത് ബിദ്അത്ത് ആണ് എന്നും അത് ഒരു പ്രകാരത്തിലും ഇസ്ലാമാകുകയില്ല എന്നും സ്പഷ്ടമാണ്.

മറ്റൊരു പ്രസിദ്ധനായ മുസ്‌ല്യാർ എഴുതുന്നു:

**(കാന്തപുരം അബൂബക്കർ മുസ്‌ല്യാർ, അഹ്‌ലുസ്സുന്ന ഒരു ദാർശനിക പഠനം പേജ്: 130)**




അന്ത്യനാൾവരെയുള്ള മുഴുവൻ മുസ്‌ലിംകളുടെയും ജീവിത രീതികളുടെ നിയമസംഹിതയായ ഇസ്‌ലാം ഇവിടെ സമ്പൂർണമാകുന്നു. ആധുനികന്റെ സമസ്ത ചലനങ്ങളെക്കുറിച്ചും ഇസ്‌ലാമിന് പറയാനുണ്ട്. പല്ലിൽ കുത്തുന്നതോ ചൊവ്വയിൽ പോകുന്നതോ നിയമങ്ങൾക്കതീതമല്ല. മതം പറഞ്ഞതിനപ്പുറം പുതിയ നിയമങ്ങൾ പറയാൻ ആർക്കും അനുവാദമില്ല. അനുവദനീയമായത് നിഷിദ്ധമാക്കാനോ നിഷിദ്ധം അനുവദനീയമാക്കുവാനോ വകുപ്പുകളില്ല. മതത്തിന്റെ അധ്യാപനങ്ങളിലുൾകൊണ്ടവയെ മതത്തിന് പുറത്ത് നിർത്തുവാനോ മതം അനുവദിക്കാത്തകാര്യങ്ങൾ ഇസ്‌ലാമിന്റെ ലേബലൊട്ടിച്ച് ഇറക്കുമതിചെയ്യുവാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. കാരണം, ഒരു തിരുത്തലുകൾക്കും ആവശ്യമില്ലാത്ത വിധം ഇസ്‌ലാം സമ്പൂർണ്ണമാണ്. പക്ഷെ ഇത്തരം തിരുത്തൽപ്രവണതയെയും ഇസ്‌ലാം ദീർഘദർശനം ചെയ്തു. 'ഇസ്‌ലാമിക വൃത്തത്തിനുള്ളിലുള്ള കർമ്മങ്ങളെ

മറ്റൊരു മുസ്‌ല്യാരുടെ വരികൾ കാണുക:

**(സുന്നത്ത് ജമാഅത്ത് ഒരു വിശകലനം. പേജ്: 94. പ്രസാ: സുന്നി യുവജനസംഘം സംസ്ഥാന കമ്മിറ്റി)**




ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയ അവകാശവും മാന്യതയും വകവെച്ച് കൊടുത്ത് അവരെ അവരുടെ മേഖലകളിൽ മാത്രം ഒതുക്കി നിർത്തി സംരക്ഷിക്കുകയാണ് വേണ്ടത്.

പരിശുദ്ധ ഇസ്‌ലാമിന്റെ എല്ലാ വിധിവിലക്കുകളും സമ്പൂർണ്ണമാക്കിക്കൊണ്ടാണ് നബി(സ) ഈ ലോകത്തോട് യാത്ര പറഞ്ഞത്. ഇനി ഇതിൽ ചുരുക്കാനോ വല്ലതും ഇതിലേക്ക് കുത്തിതിരുകാനോ ആർക്കും ഒരധികാരവുമില്ല.

നബി(സ) പറഞ്ഞു: "നമ്മുടെ ഈ ദീനിൽപെടാത്ത ഒന്ന് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്." (ബുഖാരി)

മറ്റൊരു മുസ്‌ല്യാരുടെ വരികൾ നോക്കൂ:

**(അൽ ഇർഫാൻ 2001. പേജ്: 84. അബ്ദുൽ അസീസ് ബാഖവി. പ്രസാ: കോടമ്പുഴ ദഅ്‌വാ കോളേജ്)**




ഐഹികവും പാരത്രികവുമായ വിജയത്തിനാവശ്യമായ മാർഗ്ഗരേഖകൾ ഇസ്‌ലാം നൽകി. ലക്ഷത്തിൽ പരം പ്രവാചകന്മാർ മുഖേന ഓരോ സമുദായത്തിലേക്കും ഇസ്‌ലാമിക സന്ദേശങ്ങൾ പ്രചരിപ്പിച്ചു. അന്ത്യപ്രവാചകൻ മുഹമ്മദ് നബി (സ്വ) യിലൂടെ അല്ലാഹു ഇസ്‌ലാം മതത്തെ പൂർത്തീകരിച്ചു. കേവലം ഇരുപത്തിമൂന്ന് വർഷം കൊണ്ട് ഒരു മനുഷ്യന്റെ അന്ത്യനാൾ വരെ അഭിമുഖീകരിക്കേണ്ടിവരുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുകയും അവന്റെ വിജയത്തിന് നിദാനമായ എല്ലാ മാർഗ്ഗങ്ങളും വരച്ചു കാണിക്കുകയുംചെയ്തു. നിലവിലുള്ള നിർദ്ദേശങ്ങൾക്ക് മാറ്റം വരുത്താനോ പുതിയത് സ്ഥാപിക്കാനോ ഒരാൾക്കും അധികാരമില്ല. പക്ഷെ നിങ്ങളും പൂർവ്വീകരും കേൾക്കാത്ത ചില ആശയങ്ങളുമായി കള്ളം പറയുന്ന വിഭാഗം എന്റെ സമുദായത്തിൽ ജനിക്കുമെന്ന് തിരുനബി പ്രവചിച്ചിട്ടുണ്ട്.

ഇസ്‌ലാം എന്ന ആ സമ്പൂർണ്ണ മതത്തിലേക്ക് ഇനി ആർക്കെങ്കിലും എന്തെങ്കിലും കൂട്ടിച്ചേർക്കാനോ അതിൽനിന്ന് എന്തെങ്കിലും എടുത്തൊഴിവാക്കാനോ യാതൊരു പഴുതുമില്ലെന്നർത്ഥം.

ഇനി, നബി(ﷺ) യുടെ ചില പ്രഖ്യാപനങ്ങൾ കാണുക:

**(മിശ്കാത്ത് ഹദീസ് നമ്പർ: 5300)**



٥٣٠٠ - (٦) وعن ابن مسعود، قال: قال رسول الله ﷺ: «أيها الناس! ليس من شيء يقربكم إلى الجنة ويباعدكم من النار إلا قد أمرتكم به، وليس شيء يقربكم من النار ويباعدكم من الجنة إلا قد نهيتكم عنه، وإن الروح الأمين - وفي رواية: وإن روح القدس - نفث في روعي (٣) أن نفساً لن تموت حتى تستكمل رزقها، ألا فاتقوا الله، وأجملوا (٤) في الطلب، ولا يحملنكم استبطاء الرزق أن تطلبوه بمعاصي الله، فإنه لا يدرك ما عند الله إلا بطاعته». رواه في «شرح السنة» والبيهقي في «شعب الإيمان» إلا أنه لم يذكر: «وإن روح القدس».

*അർത്ഥം:* "ഇബ്നു മസ്ഊദ്(റ) നിവേദനം: നബി(ﷺ) പറഞ്ഞു: "ഹേ ജനങ്ങളേ! നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽ നിന്നകറ്റുന്നതുമായ ഒരു സംഗതിയും നിങ്ങളോട് ഞാൻ കൽപ്പിക്കാതെ വിട്ടുകളഞ്ഞിട്ടില്ല! അതുപോലെ നിങ്ങളെ നരകത്തിലേക്ക് അടുപ്പിക്കുന്നതും സ്വർഗ്ഗത്തിൽ നിന്നകറ്റുന്നതുമായ ഒരു സംഗതിയും നിങ്ങളോട് വിരോധിക്കാതെ വിട്ടുകളഞ്ഞിട്ടില്ല!" *(മിശ്കാത്ത് ഹദീസ് നമ്പർ: 5300. ഇതേ ആശയത്തിൽ മറ്റൊരു ഹദീസ് ത്വബ്റാനിയുടെ മുഅ്ജമുൽ കബീറിലും. ഹദീസ് നമ്പർ: 1647 കാണാം.)*

എത്ര വ്യക്തമാണ് നബി(ﷺ)യുടെ പ്രഖ്യാപനം! മനുഷ്യരെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽ നിന്നകറ്റുന്നതുമായ എല്ലാ നിസ്സാര സംഗതികൾ പോലും അവിടുന്ന് പഠിപ്പിച്ചുതന്നിട്ടുണ്ട് എന്നർത്ഥം. ഇനി അതിലേക്ക് പുതുതായി കൂട്ടിച്ചേർക്കാൻ നേരിയ ഒരു പഴുതുപോലും ബാക്കിവെച്ചിട്ടില്ല. എല്ലാ അർത്ഥത്തിലും അത് സമ്പൂർണ്ണമായി എന്ന് ചുരുക്കം.